LIBRARY ARCHIVES Kerala Legislative Assembly

തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പ്രവൃത്തികൾ

257(2294) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള ഏതെല്ലാം പ്രവൃത്തികളാണ് കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

തീരദേശ വികസന കോർപ്പറേഷൻ മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

തീരദേശവികസന കോർപ്പറേഷൻ

258(2295) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡല പരിധിയിൽ തീരദേശവികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം അറിയിക്കുമോ?

(എ&ബി) കൊല്ലം നിയോജകമണ്ഡലപരിധിയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി 2019-20 മുതൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ, നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം എന്നിവ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കിഫ്ബി പദ്ധതികൾ	പദ്ധതി അടങ്കൽ തുക (ലക്ഷത്തിൽ)	നിലവിലെ അവസ്ഥ
1	ഗവ.ടൗൺ, യു.പി.സ്കൂൾ, കച്ചേരി മുക്ക് കൊല്ലം	95.519	പദ്ധതി പ്രാരംഭഘട്ടത്തിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2	തങ്കശ്ശേരി മത്സ്യമാർക്കറ്റ് നിർമ്മാണം	214.77	ഡിമോളിഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുനർദർഘാസ് ക്ഷണിക്കുന്നതാണ്.
3	കടപ്പാക്കട മത്സ്യമാർക്കറ്റ് നിർമ്മാണം	150.09	കൊല്ലം കോർപ്പറേഷൻ ധനസഹായം
4	കൃ.എസ്.എസ്.കോളനിയിൽ 65 വ്യക്തിഗത ഫ്ലാറ്റ് നിർമ്മാണം	650.00 36	ഫ്ലാറ്റിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതര ഉപജീവന മാർഗ്ഗങ്ങളിൽ പരിശീലനം

259(2296) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇതര ഉപജീവന മാർഗ്ഗങ്ങളിൽ പരിശീലനം നൽകുന്നതിന് എസ്.എ.എഫ്.(സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ) പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ സംരംഭങ്ങൾ മികച്ച രീതിയിൽ നടത്തുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ സാഫ് മുഖേന നടത്തുന്നുണ്ട്. തീരമൈത്രി യൂണിറ്റുകൾക്ക്, ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും നിലവിലെ ഗ്രൂപ്പുകൾക്ക് അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി വിവിധതരം പരിശീലനങ്ങൾ നൽകിവരുന്നു. തീരമൈത്രി പദ്ധതിയെക്കുറിച്ചും പദ്ധതിയുടെ വിവിധ ഘടകങ്ങളെക്കുറിച്ചും അറിവുനൽകുന്ന ഒരു ദിവസത്തെ Sensitization Programme, കൂടാതെ പദ്ധതിയിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പദ്ധതി ആരംഭിക്കുന്നതിനുമുമ്പായി വ്യക്തിത്വ വികസനം, വിവിധ പദ്ധതികളുടെ സുസ്ഥിരമായ നിലനിൽപ്പ്, ഗ്രൂപ്പ് അംഗങ്ങളുടെ കൂട്ടുത്തരവാദിത്വം, മെച്ചപ്പെട്ട ബിസിനസ്സ് നടത്തുന്നതിനായുള്ള കസ്റ്റമർ റിലേഷൻഷിപ്പ് തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് 3 ദിവസം നീണ്ടുനിൽക്കുന്ന Residential Achievement Motivation Training, കൂടാതെ സംരംഭം എങ്ങനെ മുന്നോട്ടുനയിക്കണം, കൂടുതൽ ഇടപാടുകാരെ എങ്ങനെ കണ്ടെത്താം, സംരംഭം